ആസ്വാദനങ്ങളുടെ അന്തകനെ സ്മരിക്കുന്നത് നിങ്ങൾ അധികരിപ്പിക്കുക." മരണമാണ് അവിടുന്ന് അത് കൊണ്ട് ഉദ്ദേശിച്ചത്

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറയുന്നു: "ആസ്വാദനങ്ങളുടെ അന്തകനെ സ്മരിക്കുന്നത് നിങ്ങൾ അധികരിപ്പിക്കുക." മരണമാണ് അവിടുന്ന് അത് കൊണ്ട് ഉദ്ദേശിച്ചത് .

[حسن] [رواه الترمذي والنسائي وابن ماجه]

മരണത്തെ കുറിച്ചുള്ള ഓർമ്മയും ചിന്തയും അധികരിപ്പിക്കാൻ നബി ﷺ പ്രേരിപ്പിക്കുന്നു . അതിന്റെ ഓർമ്മ പരലോകത്തെ കുറിച്ചുള്ള സ്മരണയുണ്ടാക്കുന്നതാണ്. ഇഹലോകവിഭവങ്ങളോടുള്ള -പ്രത്യേകിച്ചും അതിൽ നിഷിദ്ധമാക്കപ്പെട്ടവയോടുള്ള- അവന്റെ സ്നേഹത്തെ ആ ചിന്ത തകർത്തെറിയുന്നതാണ്.

http://sunnah.global/hadeeth/ml/show/66232